എൻ. ഇ. എസ്സ് ബ്ലാക്കു്.

* 717. [6] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) അമ്പർ മുതൽ തെക്കോട്ടു് ചേർത്തല, അമ്പലപ്പുഴ താലൂക്കുകളെ എൻ. ഇ. എസ്സു്. ബ്ലാക്കിൽപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏവിടെയെല്ലാമെന്നു് പറയുവാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) പുതിയ പരിധിനിർണ്ണയമനുസരിച്ചു് സംസ്ഥാനത്തെ (മനസിലാക്കൽ പ്രദേശമൊഴിച്ചു്) 100 എൻ. ഇ. എസ്സു്. ബ്ലാക്കുകളായി വിഭജിച്ചിരിക്കുകയാണു്. പരിധി നിർണ്ണയപരസ്യം † മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

തീരദേശവും വികസന പദ്ധതികളും.

* 718. [7] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി തീരദേശങ്ങളെ ഉൾപ്പെടുത്തി എന്തു വികസനപദ്ധതികൾ ഗവണ്മെൻറു് ആസൂത്രണം ചെയ്തിട്ടുണ്ടു് ;

(ബി) അമ്പർ മുതൽ പരവൂർവരെയുള്ള തീരപ്രദേശങ്ങളിൽ എന്തു വികസനപദ്ധതികൾ ഇന്നു് പ്രവർത്തിക്കുന്നുണ്ടു് ;

(സി) തീരദേശത്തെ വികസനസാദ്ധ്യതകളെപ്പറ്റി ആരായാൻ ഗവണ്മെൻറു് സത്വരനടപടികൾ സ്വീകരിക്കുമോ ;

(ഡി) ചേർത്തലയിൽ ഒരു ഗ്ലാസു് ഫാക്ടറിയും, സ്റ്റീൽ ഫാക്ടറിയും സ്ഥാപിക്കുന്നതിനു് ഗവണ്മെൻറിനു് വല്ല പദ്ധതിയുമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തീരദേശങ്ങളെ ഉൾപ്പെടുത്തി എട്ടു് വികസന പദ്ധതികൾ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അവ താഴെ പറയുന്നവയാണു്:

1. കടലാക്രമണം തടയാനുള്ള പദ്ധതി.
2. കൊല്ലം, ആലപ്പുഴ തുറമുഖവികസനപദ്ധതി.
3. ഗതാഗതത്തിനുള്ള തോടുകൾ.
4. കയർ വ്യവസായ പദ്ധതി.
5. കഴൽക്കിണറുകൾമൂലം ജലവിതരണം.
6. കരുനാഗപ്പള്ളി ജലവിതരണപദ്ധതി.
7. കൊച്ചി തുറമുഖത്തും ചുറ്റുപ്രദേശങ്ങളിലുമുള്ള ജലവിതരണപദ്ധതി.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

8. മൽസ്യപ്പിടിത്തക്കാരുടെ സൌകര്യത്തിനു് Breakwater ഉണ്ടാക്കൽ മുതലായ പദ്ധതികൾ കൂടാതെ രാജ്യമൊട്ടാകെ നടപ്പാക്കുന്ന മറ്റു പദ്ധതികളുടെ ഒരു ഭാഗം തീരപ്രദേശങ്ങൾക്കു് പ്രയോജനപ്പെടുന്നതാണു്.

(ബി) 1. കടലാക്രമണം തടയാനുള്ള പദ്ധതി.
2. കയർ വ്യവസായം.
3. കൂട്ടനാടു് ഡവലപ്പുമെൻറു് ബ്ലാക്കു്.
4. റൂൽ വാട്ടർസപ്ലൈ പദ്ധതി.
5. നോർവീജിയൻ പദ്ധതി.
6. മൽസ്യവ്യവസായ പദ്ധതികൾ.

(സി) പ്രത്യേക അന്വേഷണങ്ങൾ ആവശ്യമുണ്ടെന്നു് തോന്നുന്നില്ല.

(ഡി) ഒരു ഗ്ലാസ്സു് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പദ്ധതി രണ്ടാം പഞ്ചവൽസരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതു് എവിടെ സ്ഥാപിക്കണമെന്നു് തീരുമാനിച്ചു കഴിഞ്ഞിട്ടില്ല.

തെക്കൻതിരുവിതാംകൂറിലെ പോലീസു് അക്രമങ്ങൾ.

* 719. [8] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പോലീസുവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) തെക്കൻ തിരുവിതാംകൂറിലെ വെടിവയ്പിനുശേഷം തെക്കൻതിരുവിതാംകൂറിൽ നടന്ന പോലീസു് അക്രമങ്ങളെപ്പറ്റി വ്യക്തമായ പരാതികൾ വല്ലതും ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ എത്ര ? അതിന്മേൽ എന്തു നടപടി നടത്തി ; ഏതെങ്കിലും പോലീസു് ഉദ്യോഗസ്ഥന്റെ മേലുള്ള പരാതിയെപ്പറ്റി അന്വേഷണം നടത്തിയോ ; അന്വേഷണഫലം എന്തു് ; ഏതെല്ലാം പോലീസുദ്യോഗസ്ഥന്മാരെപ്പറ്റിയാണു് പരാതി ഉണ്ടായിട്ടുള്ളതു് ; അവരിൽ ആർക്കെങ്കിലും ധീരതയ്ക്കുള്ള ബഹുമതിമുദ്ര നൽകിയിട്ടുണ്ടോ ?

(ബി) പോലീസു് അക്രമങ്ങളെ ധീരതയോടെ ചെറുത്തതിനു് ഏതെങ്കിലും തമിഴ്നാടു് ദേശാഭിമാനിക്കു് ബഹുമതിമുദ്ര നൽകുകയുണ്ടായോ ;

(സി) പോലീസു് അക്രമവും വെടിവയ്പും മൂലം മൃതിയടഞ്ഞ എത്ര രക്തസാക്ഷികളുടെ ബന്ധുക്കൾക്കു് നഷ്ടപരിഹാരം നൽകി ; എന്തുതുക വീതമാണു് നൽകിയതു് ; ആർക്കൊക്കെ കൊടുത്തു ; ഇനി എത്ര പേർക്കു് കൊടുക്കാൻ ഉദ്ദേശിക്കുന്നു ; ആർക്കൊക്കെ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : (എ) തെക്കൻതിരുവിതാംകൂറിൽ 1954 ആഗസ്റ്റു് പതിനൊന്നാം തീയതിയും അതിനു ശേഷവും പോലീസു് കയ്യേറ്റങ്ങൾ നടന്നുവെന്നു് ആരോപിച്ചുകൊണ്ടുള്ള എട്ടു് പരാതികൾ കിട്ടിയിട്ടുണ്ടു്. എന്നാൽ, പിന്നീടു് ഉണ്ടായ സംഭവങ്ങളിൽ തമിഴ്നാടു് കോൺഗ്രസ്സു് നേതാക്കന്മാർതന്നെ പോലീസു

LIBRARY ARCHIVES Kerala Legislative Assembly